പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.304 — 14.03.2017 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് മുഖേന വിൽക്കുന്ന സാധനങ്ങളുടെ വിലസ്ഥിരത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപറേഷൻ മുഖേന വിൽക്കുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുമെന്ന ഈ സർക്കാറിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം വിലസ്ഥിരത ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച 13 ഇന നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വില വർദ്ധിപ്പിച്ചിട്ടില്ല. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ അരി ഉൾപ്പടെ ചില നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ പയറുവർഗ്ഗങ്ങൾക്ക് വില കുറഞ്ഞിട്ടും ഉണ്ട്. |
| (ബി) | ഈ അവശ്യസാധനങ്ങളുടെ വില ഉയർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിലസ്ഥിരത ഉറപ്പാക്കിയിരുന്ന ഈ അവശ്യസാധനങ്ങളുടെ വില ഉയരാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ; | | |
| (സി) | ഈ വിലവർദ്ധനവിന് ഏതെങ്കിലും ഉദ്യോഗസ്ഥർ കാരണക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ? | സി) | ഇല്ല. |

സെക്ഷൻ ഓഫീസർ